**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1154** **10-08-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും നിലവിലെ പുരോഗതിയും അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യു ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും, കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി ചെയർമാനായി സമിതി രൂപീക രിച്ചിട്ടുണ്ട്. പ്രസ്തുത സമിതി തയാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ധ്രുതഗതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മുഴുവൻ വീടുകളിലേക്കും വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളമെത്തിക്കുന്ന സാഹചര്യം കണക്കിലെടുത്ത് റവന്യൂ ജില്ല, നിയമസഭാ മണ്ഡലം എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യു ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും, കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി ചെയർമാനായി സമിതി രൂപീക രിച്ചിട്ടുണ്ട്. പ്രസ്തുത സമിതി തയാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ |

| | | | |
|---|---|---|---|
| | | | വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ദ്രുതഗതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ